പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2336 — 19.07.2016 ലെ മറുപടിയ്ക്ക്

## കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടി ക്രമം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.സി. ദിവാകരൻ | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) പ്രകൃതിക്ഷോഭം മൂലം കർഷകർക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് എന്തെല്ലാം നഷ്ടപരിഹാരങ്ങളാണ് കൃഷി വകുപ്പ് നൽകി വരുന്നതെന്ന് വിശദമാക്കാമോ; | (എ) | ഇൻഷ്വർ ചെയ്ത വിളകൾക്ക് കൃഷി നാശം സംഭവിക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെ വിള ഇൻഷ്വറൻസ് പദ്ധതി, കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി, കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേന നഷ്ടപരിഹാര തുക നൽകി വരുന്നു. കൂടാതെ പ്രകൃതിക്ഷോഭം മൂലം കൃഷി നാശമുണ്ടാകുമ്പോൾ വീണ്ടും വിളയിറക്കുന്നതിന് വിത്ത് സൗജന്യമായി കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. |
| (ബി) നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടി ക്രമം വ്യക്തമാക്കാമോ? | (ബി) | പ്രകൃതി ക്ഷോഭം മൂലം കൃഷി നാശമുണ്ടായാൽ കർഷകർ നിശ്ചിത സമയത്തിനുള്ളിൽ (10 ദിവസത്തിനകം) കൃഷി ഭവനിൽ അപേക്ഷ നൽകേണ്ടതാണ്. കർഷകർ നൽകുന്ന അപേക്ഷയും അനുബന്ധരേഖകളും പരിശോധിച്ച് റവന്യൂ ഉദ്യോഗസ്ഥരോടൊപ്പം കൃഷി വകുപ്പ് ഉദ്യോഗസ്ഥരും കൃഷി സ്ഥലം സന്ദർശിച്ച് ആവശ്യമായ പരിശോധനകൾ നടത്തി നഷ്ടപരിഹാര തുക നിശ്ചയിച്ച് തുക അനുവദിക്കുന്നതിനായി കൃഷി അസിസ്റ്റന്റ് ഡയറക്ടർ മുഖേന പ്രിൻസിപ്പൽ കൃഷി ഓഫീസിൽ സമർപ്പിക്കുന്നു. റവന്യൂ വകുപ്പിൽ നിന്നും നഷ്ടപരിഹാര തുക അനുവദിച്ചു നൽകുന്ന മുറയ്ക്ക് നഷ്ടപരിഹാരം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ